# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4099

21-07-2015 ൽ
മറുപടിയ്ക്ക്

## സി-ഡിറ്റിന് കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം പട്ടത്ത് സി-ഡിറ്റിന് സർക്കാർ അനുവദിച്ച ഭൂമിയിൽ ഇക്കഴിഞ്ഞ 4 വർഷത്തിനുള്ളിൽ സി-ഡിറ്റിന് കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന വ്യക്തമാക്കുമോ? | (എ) സി-ഡിറ്റിന്റെ 18-ാം ഗവേണിംഗ് ബോഡിയുടെ 11-4-2012-ലെ തീരുമാന പ്രകാരം പട്ടത്ത് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള ചുമതല ബി.എസ്.എൻ.എൽ. സിവിൽ വിംഗിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. തുടർന്ന് ബി.എസ്.എൻ.എൽ-ഉം സി-ഡിറ്റുമായി ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി ഒഴികെ മുഴുവൻ നിർമ്മാണച്ചുമതലയും സംബന്ധിച്ച കരാർ 2013-ൽ ഒപ്പിടുകയുമുണ്ടായി. എന്നാൽ പിന്നീട് കൂടിയ സി-ഡിറ്റിന്റെ 66-ാം എക്സിക്യൂട്ടീവ് കമ്മിറ്റി ബി.എസ്.എൻ.എൽ-മായി ഉണ്ടാക്കിയിരുന്ന കരാർ റദ്ദാക്കി ആർക്കിടെക്ക്ച്ചറൽ കൺസൾട്ടൻസി ഉൾപ്പെടെ മുഴുവൻ നിർമ്മാണച്ചുമതലയും ബി.എസ്.എൻ.എൽ-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് മുഴുവൻ നിർമ്മാണച്ചുമതലയും ബി.എസ്.എൻ. എൽ- നെ ഏല്പിച്ചുകൊണ്ട് പുതുക്കിയ കരാറിൽ ഏർപ്പെടുകയും അഡ്വാൻസ് തുക ബി.എസ്.എൻ.എൽ-ന് നൽകുകയും ചെയ്തു. എന്നാൽ ബി.എസ്.എൻ.എൽ. സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുക മുമ്പ് അനുവദിച്ച തുകയേക്കാൾ കൂടുതലായതിനാൽ ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുവാൻ ബി.എസ്.എൻ.എൽ-നോട് ആവശ്യപ്പെടുകയും അപ്രകാരം ഗ്രീൻ ടെക്നോളജി അവലംബിച്ച് തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസൽ ബി.എസ്.എൻഎൽ. സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ